**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

ചോദ്യം നമ്പർ :1002

**10.02.2016-ലെ മറുപടിയ്ക്ക്**

**ഹൗസ് ബോട്ടുകളിൽ നിന്നുള്ള ജലമലിനീകരണം**

**ചോദ്യം**

**ശ്രീ.എ.എം.ആരിഫ്**

**ഉത്തരം**

**ശ്രീ.എ.പി.അനിൽകുമാർ**

**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

(എ) വേമ്പനാട്ടു കായലിലും അനുബന്ധ ജലാശയങ്ങളിലും ഹൗസ് ബോട്ടുകളിൽ നിന്നും മറ്റുമായി വൻ തോതിലുള്ള ജലമലിനീകരണം നടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കായൽമലിനീകരണം പരിഹരിച്ചില്ലെങ്കിൽ ആയത് വിനോദ സഞ്ചാരമേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് എന്ത് അടിയന്തര നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

**(എ)യും (ബി)യും**

ഉണ്ട്. ഉൾനാടൻ ജലാശയങ്ങളെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആണ്. പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് അവ പരിശോധിച്ച് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരിസര മലിനീകരണം നിയന്ത്രിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും മുൻകരുതൽ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വേമ്പനാട്ടുകായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും ടൂറിസം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ